P-11-02-2013 AJ-JG(1)
9.30-9.40

## റൂളിംഗ്

മി. സ്പീക്കർ: ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്ജ് പ്രസ്സ് ക്ലബ്ബിൽ ഒരു പൊതുപരിപാടിയിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസംഗ ത്തിലെ ചില വിവാദ പരാമർശങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങൾ 08-02-2013-ൽ ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സി.ഡി. ചെയർ പരിശോധിച്ചു. അംഗങ്ങളെ സംബന്ധിക്കുന്ന പരാമർശം നടത്തിയതിന് ശ്രീ. പി.സി. ജോർജ്ജ് സഭ യിൽത്തന്നെ ക്ഷമാപണം നടത്തിയിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശത്തിൽ ക്ഷമാപണം നടത്തിയ സാഹചര്യത്തിൽ അതുസംബന്ധിച്ച് ചെയർ കൂടുതലൊന്നും പരാമർശിക്കേണ്ടതില്ല. ദളിത് വിഭാഗങ്ങളുടെ ഇന്നത്തെ നിലവാരത്തെക്കുറിച്ച് ശ്രീ. പി.സി. ജോർജ്ജ് തന്റെ പ്രസംഗമദ്ധ്യേ പരാമർശിക്കുകയുണ്ടായി. പ്രസ്തുത അവസരത്തിലാണ് അനാഥരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശമുണ്ടാകുന്നത്. നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം ഇക്കാര്യത്തിലുണ്ടായി എന്നാണ് സഭയിൽ അംഗങ്ങൾ ഉന്നയിച്ച പരാതി. 33 മുതൽ 44 വരെയുള്ള ചട്ടങ്ങളാണ് അംഗങ്ങളുടെ സഭയ്ക്ക് പുറത്തുള്ള പെരുമാറ്റച്ചട്ടം. ഇതിൽ അംഗങ്ങളുടെ സഭയ്ക്ക് പുറത്തുള്ള പ്രസംഗം എപ്രകാരമായിരിക്കണമെന്ന് സൂചിപ്പിക്കുന്നില്ല. എന്നാൽ സഭയ്ക്കുള്ളിലെ പെരുമാറ്റച്ചട്ടത്തിൽ അംഗ ങ്ങൾ പ്രസംഗിക്കുമ്പോൾ രാജ്യദ്രോഹപരമോ, പ്രക്ഷോഭാത്മകമോ,

അപകീർത്തിപരമോ, സഭായോഗ്യമല്ലാത്തതോ ആയ വാക്കുകൾ ഉച്ചരിക്കരുതെന്ന് അനുശാസിക്കുന്നുണ്ട്. ചീഫ് വിപ്പ് തന്റെ പ്രസംഗമദ്ധ്യേ തികച്ചും കാഷ്വലായിട്ടാണ് അനാഥരെക്കുറിച്ച് പരാമർശിച്ചത്. അത് മനഃപ്പൂർവ്വമോ ദുരുദ്ദേശപരമായിട്ടോ ആണ് നടത്തിയതെന്ന് ചെയർ കരുതുന്നില്ല. അംഗങ്ങളുടെ പെരുമാറ്റച്ചട്ടം സംബന്ധിച്ച് കൗൾ ആന്റ് ശക്ത്ധർ പേജ് 320–ൽ ഇപ്രകാരം പറയുന്നു, In order to maintain the highest traditions in Parliamentary life, Members of Parliament are expected to observe a certain standard of conduct, both inside the House as well as outside it. Their behaviour should be such as to enhance the dignity of Parliament and its Members in general. The conduct of Members should not be contrary to the usage, or derogatory to the dignity of the House or in any way inconsistent with the standards which Parliament is entitled to expect of its Members. പൊതുപരിപാടികളിൽ പങ്കെടുത്തുകൊണ്ട് അംഗങ്ങൾ പ്രസംഗിക്കുമ്പോൾ മേൽപരാമർശിച്ച കാര്യം എല്ലാ അംഗങ്ങളും മനസ്സിൽ കരുതുമെന്ന് ചെയർ പ്രത്യാശിക്കുന്നു. അനാവശ്യമായ വിവാദങ്ങളിൽ നിന്നും സഭാംഗങ്ങൾ കഴിവതും മാറിനിൽക്കുന്നതാണ് സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിന് ഉചിതം. കാലങ്ങളായി നിലനിൽക്കുന്ന ഒരു ചൊല്ല് എല്ലാവരെയും ഓർമ്മിപ്പിക്കുന്നു, വാവിട്ട വാക്കും കൈ വിട്ട ആയുധവും തിരിച്ചെടുക്കാനാവില്ല.

ഓർഡർ.... ഓർഡർ...., അടിയന്തര പ്രമേയം.

## ജസ്റ്റിസ് ബസന്തിന്റെ പരാമർശം

മി. സ്പീക്കർ: സൂര്യനെല്ലി കേസിൽ 35 പ്രതികളെ വെറുതെവിട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിലെ ഒരംഗമായ ജസ്റ്റിസ് ആർ. ബസന്ത് ഇരയായ പെൺകുട്ടിയെക്കുറിച്ച് നടത്തിയ പരാമർശം ജനങ്ങളിൽ ഉളവാക്കി യിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും സ്ഥിതിവിശേഷവും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## ജസ്റ്റിസ് ബസന്തിന്റെ പരാമർശം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സൂര്യനെല്ലി കേസിൽ ഹൈക്കോടതിയിൽ വിധി പറഞ്ഞ ജസ്റ്റിസ് ആർ. ബസന്ത് ഒരു സ്വകാര്യ സംഭാഷണത്തിൽപ്പറഞ്ഞ കാര്യം ഒരു ചാനൽ പ്രസിദ്ധീകരിച്ചതാണ് ഈ അടിയന്തരപ്രമേയത്തിന് അടിസ്ഥാനം. ആ അഭിപ്രായങ്ങളോടൊന്നും ഗവൺമെന്റിന് യോജിപ്പില്ല. ഗവൺമെന്റിന് അതിനോട് ഒരുവിധത്തിലും യോജിക്കാൻ സാധിക്കുകയുമില്ല. ഒരാൾ നടത്തിയ സ്വകാര്യ സംഭാഷണ ത്തിന്റെ പേരിൽ വന്നിട്ടുള്ള വിവാദത്തിൽ ഗവൺമെന്റിന് ഒരു പങ്കുമില്ല, ഗവൺമെന്റുമായി അതിന് ഒരുവിധത്തിലും ബന്ധവുമില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് പറയാനുള്ള കാര്യങ്ങൾ പറഞ്ഞതിനുശേഷം ഞാൻ കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റിട്ടയേർഡ് ജസ്റ്റിസ് പറഞ്ഞ അഭിപ്രായപ്രകടനത്തിൽ ഗവൺമെന്റിന് യോജിപ്പില്ല, ഗവൺമെന്റിന് അതിൽ കാര്യമില്ല എന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന. കേരളാ ഗവൺമെന്റിനുവേണ്ടി സുപ്രീം കോടതിയിൽ ഹാജരാകാൻവേണ്ടി നിയോഗിക്കപ്പെട്ട അഭിഭാഷകന്മാരുടെ പാനലിലെ ഒരംഗമാണ് റിട്ടയേർഡ് ജസ്റ്റിസ് ആർ. ബസന്ത് എന്നതാണ് ഈ റിട്ടയേർഡ് ജസ്റ്റിസിന്റെ അഭിപ്രായ പ്രകടനം സഭയിൽ ചർച്ച ചെയ്യണമെന്ന് ഞങ്ങൾ പറയുന്നതിന്റെ കാരണം. ഇതാണ് ഈ പ്രശ്നം ഇവിടെ ഉന്നയിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ള കാര്യം. കേരളാ ഗവൺമെന്റിനുവേണ്ടി കേസ് നടത്തുന്നതിനായി ഒന്നര മാസം മുമ്പാണ് അദ്ദേഹത്തെ സുപ്രീം കോടതി അഭിഭാഷകന്മാരുടെ പാന ലിൽ ഉൾപ്പെടുത്തിയത്. അങ്ങനെയുള്ള ഒരു ജസ്റ്റിസ് പറഞ്ഞ അഭിപ്രായ പ്രകടനമാണ് ഇവിടെ വിവാദങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയും റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജിയും റിട്ടയർ ചെയ്തുകഴിഞ്ഞാലും ജസ്റ്റിസ് ആണ്. ജസ്റ്റിസ് എന്നാണ് അവരെയെല്ലാം നമ്മൾ അഭിസംബോധന ചെയ്യുന്നത്. സൂര്യനെല്ലി പെൺകുട്ടിയുമായി ബന്ധപ്പെടുത്തിപ്പറഞ്ഞിട്ടുള്ള അഭിപ്രായപ്രകടനങ്ങളാണ് കേരളത്തിലെ ജന ങ്ങൾക്കിടയിൽ വലിയ പ്രതിഷേധമുണ്ടാക്കിയിരിക്കുന്നത്. ഈ സഭ ഒന്നടങ്കം അപലപിക്കേണ്ടുന്ന ഒരു പ്രസ്താവനയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അഭിപ്രായത്തോടാണ് സഭയ്ക്ക് ആകെ യോജിപ്പുള്ളത്. അദ്ദേഹം പറഞ്ഞത്, 'സൂര്യനെല്ലി പെൺകുട്ടിക്കുനേരെ നടന്നത് മാനഭംഗമല്ല' എന്നാണ്. ഇത് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചരണമുള്ള മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്തതാണ്. അത് സ്വകാര്യ സംഭാഷണത്തിൽ

നിൽക്കുന്നില്ല. എന്നിട്ട് അദ്ദേഹം പറയുകയാണ്, സൂര്യനെല്ലിയിലെ പെൺകുട്ടിയെ ബാലവേശ്യാവൃത്തിക്ക് ഉപയോഗപ്പെടുത്തുകയായിരുന്നു. അവർ ബാലവേശ്യയായിരുന്നു. ഈ സംസ്ഥാനത്ത് ബാലവേശ്യാ പ്രവർത്തിയുണ്ടെന്ന് റിട്ടയേർഡ് ജഡ്ജിയാണ് പറയുന്നത്. നമ്മുടെ രാജ്യത്ത് ബാലവേശ്യയുണ്ട് എന്ന് അദ്ദേഹം പറഞ്ഞിരിക്കുകയാണ്. എന്നിട്ട് അദ്ദേഹം പറയുന്നു, ഇത് സദാചാരമല്ല, പക്ഷെ പീഡനവുമല്ല. 16 വയസ്സിനുതാഴെയുള്ള പെൺകുട്ടികളെ ഏതുതരത്തിൽ ചെയ്താലും അത് പീഡനമാണ്, കുറ്റകരമാണ്. അതിന് വിരുദ്ധമാണ് റിട്ടയേർഡ് ജസ്റ്റിസിന്റെ അഭിപ്രായ പ്രകടനം. ആ പെൺകുട്ടിയെക്കുറിച്ച് പറഞ്ഞ കാര്യങ്ങളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. പുറത്തുപറയാൻ പറ്റാത്ത കാര്യങ്ങളാണ് ഒരു റിട്ടയേർഡ് ജഡ്ജിയുടേതായി വന്നിട്ടുള്ള അഭിപ്രായ പ്രകടനം. ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് വളരെ പ്രസക്തമാണ്. വായ് വിട്ടുപോയാൽ പിന്നെ രക്ഷയില്ല. അതാണ് ഈ റിട്ടയേർഡ് ജസ്റ്റിസിന്റെ അഭിപ്രായപ്രകടനം നോക്കുമ്പോൾ കാണുന്നത്. ആ പെൺകുട്ടിയെപ്പറ്റി അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു കാര്യവും ഞാനിവിടെ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. അത് പറയുന്നത് സഭയ്ക്കുതന്നെ ഗുണമല്ല എന്നതുകൊണ്ട് ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ പ്രധാനമായിട്ടുള്ള പ്രശ്നം 35 പ്രതികളെ വെറുതെവിട്ട കേസിൽ വിധി പറഞ്ഞത് ജസ്റ്റിസ് ആർ. ബസന്താണ്. അദ്ദേഹം തന്നെയാണ് ഇപ്പോൾ പറയുന്നത് എന്നോട് വീണ്ടും ഈ കേസ് പുനഃപരിശോധിക്കാൻ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ അന്നുപറഞ്ഞ വിധി തന്നെ പുറപ്പെടുവിക്കുമായിരുന്നു. ഈ പ്രസ്താവന ഈ കേസ് പുനഃപരിശോധിക്കുവാൻ നിയോഗിക്കപ്പെട്ട ജഡ്ജിമാരെ സ്വാധീനിക്കാനാണ്.

സുപ്രീം കോടതി വിധി പുറപ്പെടുവിച്ചതോടെ നേരത്തേയുള്ള വിധി ഇല്ലാതായിക്കഴിഞ്ഞു. ജസ്റ്റിസ് ആർ. ബസന്ത് ഉൾപ്പെട്ട ബഞ്ചിന്റെ വിധി ഇപ്പോൾ നിലവിലില്ല. നിലവിലില്ലാത്ത ഒരു വിധിയെ ന്യായീകരിച്ചുകൊണ്ട് പ്രസ്താവന ചെയ്യുന്നത് സുപ്രീം കോടതി വിധിയുടെ പരസ്യമായ ലംഘനമാണ്. ഇതൊരു കോടതിയലക്ഷ്യപ്രശ്നം കൂടിയാണ്. യഥാർത്ഥ ത്തിൽ കോടതിയലക്ഷ്യ നടപടി സ്വീകരിക്കണമോയെന്ന് സുപ്രീംകോടതി തീരുമാനിക്കണം. സുപ്രീംകോടതി തീരുമാനിക്കുന്നില്ലെങ്കിൽ കോടതിയലക്ഷ്യ നടപടി സ്വീകരിക്കാൻ Contempt of Court Act അനുസരിച്ച് അധികാരമുള്ളത് അഡ്വക്കേറ്റ് ജനറലിനാണ്. അഡ്വക്കേറ്റ് ജനറൽ കോടതിയ ലക്ഷ്യ നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഈ വിഷയം സുപ്രീംകോടതി യുടെ ശ്രദ്ധയിൽപ്പെടുത്തണം. കേരളത്തിൽ വച്ചാണ് ഈ അഭിപ്രായ പ്രകടനം നടത്തിയിട്ടുള്ളത്. ആ തരത്തിൽ ഗൗരവമായിട്ടെടുക്കേണ്ട പ്രശ്നമാണത്. അദ്ദേഹം പറയുന്നു, ഹൈക്കോടതിയുടെ വിധിന്യായം വായിക്കാതെയാണ് സുപ്രീംകോടതി വിധി പറഞ്ഞത്. ഇത് സുപ്രീംകോടതി ക്കെതിരായിട്ടുള്ള ഒരു അറ്റാക്കാണ്. ഹൈക്കോടതിയുടെ വിധി വായിച്ചു നോക്കാതെയാണ് വിധി പറഞ്ഞത് എന്നുമാത്രമല്ല അദ്ദേഹം പറഞ്ഞത്.........., സുപ്രീംകോടതി പറഞ്ഞത് ഹൈക്കോടതി വിധി വായിച്ചപ്പോൾ ഞങ്ങൾ ഞെട്ടിപ്പോയി എന്നാണ്. എന്നിട്ടാണ് ഇതിലൊരു ശുദ്ധീകരണ പ്രക്രിയ വേണമെന്ന് സുപ്രീം കോടതി പറഞ്ഞത്. ആ ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമായാണ് ഹൈക്കോടതി ഇത് വീണ്ടും പരിഗണിക്കണമെന്ന് പറഞ്ഞത്. അതിനെക്കുറിച്ച് റിട്ടയേർഡ് ജസ്റ്റിസ് പറയുന്നത് വായിക്കാത്തവർ ഞെട്ടും. സുപ്രീം കോടതിയിലെ പരമോന്നത നീതിപീഠത്തിലെ രണ്ട് ജഡ്ജിമാർക്കെതി

രായിട്ടാണ് പറയുന്നത്. വായിക്കാതെയാണ് വിധി പറഞ്ഞത് എന്നുപറയുന്ന ഒരു സ്റ്റേറ്റ്മെന്റ് ശരിയാണോ? ജസ്റ്റിസ് ആർ. ബസന്ത് നടത്തിയിട്ടുള്ള അഭിപ്രായപ്രകടനം........, അദ്ദേഹം നേരത്തേ വിധി പറഞ്ഞതിനെ സംബന്ധിച്ച് അന്നുതന്നെ ആക്ഷേപങ്ങളുണ്ടായിരുന്നു. ചില സ്ഥാപിത താൽപ്പര്യങ്ങൾ സംബന്ധിച്ചെല്ലാം ആക്ഷേപങ്ങൾ അന്നുണ്ടായിരുന്നു. അതിനെ സാധൂകരിക്കത്തക്ക വിധത്തിലുള്ള ഒരു പ്രസ്താവനയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. കേസിൽ പ്രതി ചേർക്കപ്പെടേണ്ടിയിരുന്ന ശ്രീ. പി.ജെ. കുര്യനെയും ശിക്ഷിക്കപ്പെടേണ്ടിയിരുന്ന മറ്റ് പ്രതികളെയും സംരക്ഷിക്കുന്നതിന് ഗൂഢശക്തികളുടെ ഒരു ഉച്ചഭാഷിണിയായി ഒരു ന്യായാധിപൻ പ്രവർത്തിച്ചുവെന്ന പ്രശ്നമാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഇന്ത്യയിലെ 60 കോടിയിലേറെ സ്ത്രീകളുടെ മാനം കാക്കുന്നതിനുവേണ്ടിയുള്ള സുപ്രധാന ഇടപെടലാണ് സുപ്രീംകോടതി നടത്തിയത്. കോടികളുടെ വാഗ്ദാനമുണ്ടായിട്ടും അതെല്ലാം നിരസിച്ചുകൊണ്ട് ആ പെൺകുട്ടി നീതിക്കുവേണ്ടി പോരാടുമ്പോൾ ആ ഇരയുടെ കൂടെയാണ് ഈ സമൂഹം നിൽക്കേണ്ടത്. അതിനുവിരുദ്ധമായി ആ പെൺകുട്ടിയെ അപഹസിക്കുകയാണ്. ജസ്റ്റിസ് ആർ. ബസന്ത് നടത്തിയിട്ടുള്ള ഈ സ്റ്റേറ്റുമെന്റ് പരിശോധിച്ചാൽ നിലവിലുള്ള ഓർഡിനൻസിന് വിരുദ്ധമാണിത്. കഴിഞ്ഞദിവസമാണ് രാഷ്ട്രപതി ഓർഡിനൻസ് പുറപ്പെടുവിച്ചത്. The Criminal Law (Amendment) Ordinance 2013. ഉടൻതന്നെ പ്രാബല്യത്തിൽ വന്ന ഒരു നിയമമാണ് ഈ ഓർഡിനൻസ്. It shall come into force at once എന്നുപറഞ്ഞുകൊണ്ട് ഇറക്കിയിട്ടുള്ള ഒരു ഓർഡിനൻസാണിത്. ഈ Criminal Law

(Amendment) Ordinance അനുസരിച്ച് പീനൽ കോഡ് മാറ്റം വരുത്തിയിട്ടുണ്ട്. ഈ പീനൽ കോഡിൽ 354-ൽ പുതിയതായി 354 A എന്ന ഒരു വകുപ്പ് കൂട്ടിച്ചേർത്തു. 354 A (3)-ൽ "making sexually colored remarks" - അത് കുറ്റാർഹമാണെന്ന് ഓർഡിനൻസിൽ പറയുന്നു. അതിൽ (5)- ൽ പറയുന്നു, Any other unwelcome, physical, verbal or non-verbal contact of sexual nature shall constitute the offence of sexual harassment. വെർബലായിട്ട് ഇങ്ങനെ പറഞ്ഞാലും സെക്ഷ്വൽ ഹരാസ്മെന്റാണ് എന്നൊരു നിയമം നമ്മുടെ രാജ്യത്ത് നിലനിൽക്കെ അത് ലംഘിക്കുവാൻ ഒരു റിട്ടയേർഡ് ജസ്റ്റീസിന് അധികാരമുണ്ടോ? ഇതിന്റെ അടിസ്ഥാനത്തിൽ ഈ പുതിയ ഓർഡിനൻസ് അനുസരിച്ച് ജസ്റ്റിസ് ആർ. ബസന്തിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യണം. കേരള പോലീസ് ഈ ഓർഡിനൻസ് പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്യണം. ആദ്യത്തെ കേസായിരിക്കണം. ഇന്ത്യയ്ക്ക് മാതൃകയായിരിക്കണം കേരളം. ഇങ്ങനെ അഭിപ്രായപ്രകടനം നടത്തുവാൻ ആർക്കും സാധിക്കില്ലായെന്ന് രാജ്യത്തിനുമുന്നിൽ സന്ദേശം കൊടുക്കണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി ധൈര്യം കാണിക്കണം. ഇതിന് ഞങ്ങൾക്ക് ബാധ്യതയില്ലായെന്നുപറഞ്ഞ് ഒഴിഞ്ഞുമാറിയാൽ പോരാ. ഇവിടെ കുറ്റകൃത്യം നടത്തിയിരിക്കുന്നത് നമ്മുടെ കൺമുമ്പിലാണ്. ഈ നാടിന്റെ കൺമുമ്പിലാണ് കുറ്റകൃത്യം നടന്നിരിക്കുന്നത്. ഈ കുറ്റകൃത്യത്തിന്റെ പേരിൽ ഒരു കേസ് രജിസ്റ്റർ ചെയ്യണം. പുതിയ ഓർഡിനൻസ് പ്രകാരം, Any person who commits the offence specified in clause (3) or clause

(4) or clause (5). ഈ clause (3)-ഉം clause (4)-ഉമാണ് ജസ്റ്റിസ് ആർ. ബസന്തിന്റെ ഈ പ്രസ്താവനയ്ക്ക് ബാധകമാക്കേണ്ടത്. ......shall be punished with imprisonment of either description that may extend to one year. ഒരു വർഷം ശിക്ഷിക്കത്തക്കവിധത്തിലുള്ള ഒരു കുറ്റമാണ് റിട്ടയേർഡ് ജസ്റ്റിസ് ആർ. ബസന്ത് ചെയ്തിരിക്കുന്നത്. റിട്ടയേർഡ് ജസ്റ്റിസ് ചെയ്താൽ അത് കുറ്റമല്ലാതാകുമോ? ഈ പ്രസ്താവന ഞാനോ ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നോ ആണ് ഉണ്ടായതെങ്കിൽ കേസ്സെടുക്കില്ലേ; മറ്റേതെങ്കലും ഒരാളുടെ പേരിലാണ് ഈ പ്രസ്താവന വന്നതെങ്കിൽ കേസെടുക്കുകയില്ലേ? റിട്ടയേർഡ് ജസ്റ്റിസായതുകൊണ്ട് നിയമത്തിനതീതനാണോ? ഈ രാജ്യത്ത് ആരും നിയമത്തിനതീതരല്ല. ഇതൊരു സ്വകാര്യ സംഭാഷണമാണെന്നാണ് ഇവിടെ പറയുന്നത്. ഇതൊരു സ്വകാര്യ സംഭാഷണമല്ല. ഇന്ത്യാവിഷൻ ചാനലിന്റെ ഒരു ലേഖികയോടാണ് തന്റെ അഭിപ്രായങ്ങൾ പറഞ്ഞത്. ഈ അഭിപ്രായപ്രകടനം അദ്ദേഹം നടത്തിയത് മറ്റൊരാളുടെ സാന്നിദ്ധ്യത്തിലാണ്. സ്വകാര്യമായി പറഞ്ഞതല്ല. ഞാനും ബഹുമാനപ്പെട്ട സ്പീക്കറും തമ്മിൽ സ്വകാര്യമായി പറഞ്ഞാൽ അത് സ്വകാര്യമാണ്. ഇത് സ്വകാര്യമല്ല. ഇന്ത്യയിലെ എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടുകഴിഞ്ഞു. ഈ സംഭാഷണം നടത്തിയത് ലേഖികയോട് മാത്രമല്ല, ടെലിവിഷൻ ചാനലിൽ കാണുന്നു, അവിടെ വേറെ ആളുകളും ഇരിപ്പുണ്ടായിരുന്നു. മൂന്നുപേരുടെ സാന്നിദ്ധ്യത്തിൽ സംഭാഷണം നടത്തിയാൽ അതെങ്ങനെയാണ് സ്വകാര്യമാകുന്നത്. ഇതൊരു സ്വകാര്യ സംഭാഷണത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥിതി വന്നുകഴിഞ്ഞു. ഇത് ചാനലുകൾ റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ഇന്ത്യയിലെ എല്ലാ പത്രങ്ങളും

റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ പത്രത്തിൽക്കൂടി ടെലിവിഷനിൽകൂടി ഒരു പെൺകുട്ടിക്കെതിരെ ഇങ്ങനെ നിലപാട് സ്വീകരിച്ചാൽ ആ പെൺകുട്ടിക്കെതിരായി സ്വീകരിച്ചിട്ടുള്ള സെക്ഷ്വൽ ഹരാസ്മെന്റായിക്കണ്ട് നടപടി സ്വീകരിക്കേണ്ടുന്ന സർക്കാർ, ഇതിൽ സർക്കാരിന് കാര്യമില്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറാൻ പറ്റുമോ? സർക്കാരിന് കാര്യമുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നരമാസം മുമ്പാണ് കേരളത്തിനുവേണ്ടി കേസ് വാദിക്കേണ്ടുന്ന അഭിഭാഷകൻമാരുടെ പേര് അതിൽ ഉൾപ്പെടുത്തിയത്. ആ പേര് അതിനകത്ത് ഉൾപ്പെടുത്തുവാൻവേണ്ടി ശുപാർശ ചെയ്തത് അഡ്വക്കേറ്റ് ജനറലാണ്. ഈ അഡ്വക്കേറ്റ് ജനറലാണ് പ്രതികൾക്കുവേണ്ടി ഹൈക്കോടതിയിൽ ഹാജരായത്. ഈ അഡ്വക്കേറ്റ് ജനറൽ പ്രതികൾക്കുവേണ്ടി ഹാജരായപ്പോഴാണ് ഇതേ ജഡ്ജി ആ കേസിൽ 35 പേരെ വെറുതെ വിട്ടത്. ഇത് രണ്ടും കൂടി കൂട്ടിവായിച്ചുനോക്കുമ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ ശുപാർശ, എന്തിനാണ് ഇദ്ദേഹത്തെ സുപ്രീകോടതിയിലെ അഭിഭാഷകനായി നിയോഗിക്കുവാൻ വീണ്ടും നൽകിയത്. ഇതെല്ലാംകൂടി ഒന്നിച്ച് വായിച്ചുനോക്കുമ്പോഴാണ് ഈ കേസിന്റെ നിഗൂഢതയിലേക്ക് വെളിച്ചംവീശുന്ന ഒരു പുതിയ സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടായിരിക്കുന്നത്. ശ്രീ. പി. ജെ. കുര്യനെ പ്രതിചേർത്ത് അദ്ദേഹത്തെ കുറ്റവിചാരണ നടത്തണം. അദ്ദേഹം ഒരു ഘട്ടത്തിലും കോടതിയുടെ മുമ്പിൽ വിചാരണയ്ക്കായി എത്തിയിട്ടില്ല. അദ്ദേഹത്തിന്റെ പ്രശ്നം പരിശോധിക്കപ്പെട്ടു എന്നുപറഞ്ഞുകൊണ്ട് ന്യായീകരിക്കുവാൻ ഇപ്പോൾ ശ്രമം നടക്കുന്നുണ്ടെങ്കിലും ഒരു ഘട്ടത്തിലും അദ്ദേഹത്തെ ഒരു കോടതിയും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

അതിന് വിധേയമാക്കാത്തിടത്തോളം ഇത്തരത്തിലുള്ള പുതിയ പ്രശ്നങ്ങൾ കാരണം നമ്മുടെ നാട് അരാചകത്വത്തിലേക്കാണ് നീങ്ങുന്നത്. വലിയ പ്രതിഷേധമുണ്ടായിരിക്കുകയാണ്. ആ റിട്ടയേർഡ് ജഡ്ജി പോകുന്ന സ്ഥലത്തൊക്കെ പ്രതിഷേധം, നാട് മുഴുവൻ അരാചകത്വം. ഇങ്ങനെയൊരു സ്ഥിതിയുണ്ടാകാതിരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം; ഈ രണ്ടുകാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് തീരുമാനമെടുക്കണം. ഒന്ന് അദ്ദേഹത്തെ പാനലിൽ നിന്ന് ഒഴിവാക്കണം. അദ്ദേഹത്തിനെതിരായി ഈ പുതിയ ഓർഡിനൻസ് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യണം; ഇന്ത്യയ്ക്ക് മാതൃകയായി പ്രവർത്തിക്കുവാൻ ഈ സംസ്ഥാന ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ് ഇതിന്റെ ഭാഗമായി സഭയ്ക്ക് അറിയേണ്ടത്. അതുകൊണ്ട് ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണം. എല്ലാ കേന്ദ്രങ്ങളിലും നിന്നുള്ള അഭിപ്രായം കേൾക്കണം. സഭ ഈ നിലപാടിനെ അപലപിക്കണം. ഈ സഭ ഒന്നിച്ചുചേർന്നുകൊണ്ട് ജസ്റ്റിസ് ആർ. ബസന്തിന്റെ ഈ സമീപനത്തെ അപലപിച്ചുകൊണ്ടൊരു നിലപാട് സ്വീകരിക്കണം. അതിനുവേണ്ടി സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ചചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. കെ. എം. മാണി</u>: മറുപടി മുഖ്യമന്ത്രി പറയും. ഒന്നുരണ്ട് പോയിന്റ് ഞാൻ പറയട്ടെ. ജസ്റ്റിസ് ആർ. ബസന്തിനെ സീനിയർ കൗൺസിലിൽ നിന്ന് മാറ്റണമെന്നാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറയുന്നത്. സീനിയർ കൗൺസിലിലേക്ക് നമ്മൾ എടുക്കുന്നത് ഹൈക്കോടതി ജഡ്ജിമാർ റിട്ടേർഡ് ചെയ്തുകഴിയുമ്പോൾ നല്ല ജഡ്ജിമാരായിരുന്നുവെങ്കിൽ നല്ല അഭിഭാഷകനായിരുന്നുവെങ്കിൽ..........(ബഹളം) ...... നമ്മളങ്ങനെ സീനിയർ

കൗൺസിലറെ വയ്ക്കാറുണ്ട്. ജസ്റ്റിസ് ആർ. ബസന്ത്, മേഘാലയയിൽ പോയി ലോട്ടറി രാജാക്കൻമാർക്കെതിരെ കേസ് നടത്തി വിജയിച്ച് നമ്മുടെ സംസ്ഥാനത്ത് നേട്ടമുണ്ടാക്കിയ ആളാണ്. അങ്ങനെയുള്ളയാളെ മാറ്റണമെന്നാണോ? അങ്ങനെയുള്ള ഒരാളെ സീനിയർ കൗൺസിലർ ലിസ്റ്റിൽ നിന്നി മാറ്റണമെന്ന് പറയുന്നത് ശരിയല്ല. ..........(ബഹളം) ...... അപ്പോൾ ആരുടെ താൽപ്പര്യം സംരക്ഷിക്കുവാൻ വേണ്ടിയാണ് ഈ പറയുന്നത്. ..........(ബഹളം) ...... ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് പറയട്ടെ, നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാനല്ല അയാളെ മാറ്റണമെന്ന് പറയുന്നത്. നമ്മുടെ താൽപ്പര്യത്തിന് അത് വിഘാതമാണ്. അതുകൊണ്ട് അങ്ങനെയുള്ള ആളുകളാണോ സീനിയർ കൗൺസിലർ ലിസ്റ്റിൽ വേണ്ടത്. അദ്ദേഹം എന്ത് തെറ്റ് ചെയ്തു? സുപ്രീം കോടതിക്കെതിരെ Contempt of Court എടുക്കേണ്ടത് ഉമ്മൻ ചാണ്ടിയല്ല. Contempt of Court എടുക്കേണ്ടത് സുപ്രീംകോടതിയാണ്. എങ്കിൽ Supreme Court can initiate Contempt of Court proceedings. Let the Supreme Court initiate it, we have no objection. അത് സുപ്രീംകോടതിയാണ്. അഡ്വക്കേറ്റ് ജനറൽ കണ്ടംപ്റ്റിന് പ്രൊസീഡ് ചെയ്യണം. അഡ്വക്കേറ്റ് ജനറൽ എന്നുപറയുന്നത് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയാണ്. അയാളുടെ ഡിസ്ക്രീഷനിൽപ്പെട്ട ഒരു കാര്യം, ഒരാൾ കണ്ടംപ്റ്റ് നടത്തിയിട്ടുണ്ടോ?, അതിലേക്ക് കേരള ഗവൺമെന്റിനും മുഖ്യമന്ത്രിക്കും നിയമ വകുപ്പുമന്ത്രിക്കും പ്രവേശിക്കുവാൻ

പറ്റുകയില്ല. ............(ബഹളം)........... അതുകൊണ്ട് ..........(ബഹളം)................ ഞാനൊന്ന് പറഞ്ഞോട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അഡ്വക്കേറ്റ് ജനറലിന് ഈ സഭയിൽ വരാനുള്ള അവകാശമുണ്ടല്ലോ. Contempt of Court Act-നെപ്പറ്റി പറയുവാൻ അദ്ദേഹത്തിന് അവകാശമുണ്ട്. Contempt of Court Act അനുസരിച്ച് Contempt Procedure ആരംഭിക്കേണ്ടത് അഡ്വക്കേറ്റ് ജനറലാണ്. അത് അഡ്വക്കേറ്റ് ജനറൽ എടുത്ത് സുപ്രീംകോടതിക്ക് റിപ്പോർട്ട് ചെയ്യണം.

ശ്രീ. കെ. എം. മാണി : ഞാൻ അതിന്റെ നിയമപ്രശ്നം പറഞ്ഞതാണ്. ഒരു അഡ്വക്കേറ്റ് ജനറൽ തെറ്റ് ചെയ്താൽ അസംബ്ലിക്ക് പറയാം. പക്ഷെ ഒരു അഡ്വക്കേറ്റ് ജനറൽ വരാതെ കണ്ടംപ്റ്റ് കൊടുക്കണോ എന്നുള്ളത് സ്റ്റേറ്റിന് we cannot direct the Advocate General to initiate the proceedings against any person. അതുമാത്രമേ എന്റെ സബ്മിഷനിലൂള്ളൂ. നമുക്കങ്ങനെ പറയുവാൻ കഴിയില്ല. അദ്ദേഹം അത് നോക്കട്ടെ. അതുകൊണ്ട് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അതിന്റെ പേരിൽ ഈ ഗവൺമെന്റിന് എതിരെ പറഞ്ഞിട്ട് കാര്യമില്ല. എനിക്ക് തോന്നുന്നത് അങ്ങയുടെ പ്രസ്താവനയിൽ തന്നെ പറയുന്നുണ്ട്, ഹൈക്കോടതി ഇത് പരിഗണിക്കാനിരിക്കെ ഈ ജഡ്ജിയുടെ പ്രസ്താവന ഒരു സബ്ജുഡീസല്ലേ. ഹൈക്കോടതി പരിഗണിക്കാനിരിക്കുന്ന ഒരു വിഷയത്തിൽ കോടിയേരിയെപ്പോലെ സീനിയറായിട്ടുള്ള മെമ്പർ ഒരു അടിയന്തരപ്രമേയവുമായി ഇവിടെ വന്നത് ശരിയാണോ? അത്

സബ്ജുഡീസല്ലേ. ഇവിടത്തെ ഈ ചർച്ച, കോടിയേരിയുടെ പ്രസ്താവന ഹൈക്കോടതിയെ സ്വാധീനിക്കുകയില്ലേ? അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ജഡ്ജ്മെന്റ് അങ്ങ് പറയുക എന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ പ്രസ്താവനയോട് ഗവൺമെന്റിന് യോജിപ്പില്ലെന്നുള്ള കാര്യം ഞാൻ ആമുഖമായിത്തന്നെ പറഞ്ഞു. അത് ഒഴിവാക്കേണ്ടതായിരുന്നു. ഒരു സ്വകാര്യ സംഭാഷണത്തിൽ തന്റെ ഒരു ജഡ്ജ്മെന്റിനെ ന്യായീകരിച്ചുകൊണ്ട് സംസാരിച്ചത് ഒളിക്യാമറ വച്ച് പിടിച്ച് അത് പുറത്തേയ്ക്ക് പ്രസിദ്ധീകരിച്ചതിനോടും ഗവൺമെന്റിന് യോജിപ്പില്ല. ഗവൺമെന്റിന് വിവാദങ്ങളിൽ താത്പര്യമില്ല, നിയമപരമായി പ്രവർത്തിക്കുന്നതിലാണ് താത്പര്യം. ഈ കേസ് ഹൈക്കോടതിയിൽ വന്ന പ്പോൾ നായനാർ ഗവൺമെന്റ് നിയോഗിച്ച അഡ്വക്കറ്റിനെത്തന്നെയാണ് ഞങ്ങളും നിയോഗിച്ചത്. അതിൽ മാറ്റം വരുത്തിയില്ല. ഒരു കേസ്സിന് ഒരു ഗവൺമെന്റ് വച്ച അഡ്വക്കറ്റ് സാധാരണഗതിയിൽ മാറുകയാണ് പതിവ്. പക്ഷേ ഈ കേസ്സിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവർ തന്നെ കേസ് നടത്തട്ടെ എന്നുവച്ചു. സുപ്രീംകോടതിയിൽ ഈ കേസ് വന്നപ്പോൾ ഞങ്ങൾ അഡ്വക്കറ്റായി വച്ചത് ജസ്റ്റിസ് പത്മനാഭൻ നായരെയാണ്. ഈ പേരാണ് വയ്ക്കാൻ പോകുന്നതെന്ന കാര്യം പ്രതിപക്ഷ നേതാവിനെക്കൂടി അറിയിച്ചു. അദ്ദേഹത്തിന്റെ വാദമാണ് സുപ്രീംകോടതിയിലെ പുതിയ വിധി വരുന്നതിൽ ഏറ്റവും നിർണ്ണായകമായതെന്ന് മാധ്യമങ്ങളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. ആരാണ് പത്മനാഭൻ നായർ? ഞങ്ങൾ രാഷ്ട്രീയം നോക്കിയല്ല ആളെ വയ്ക്കുന്നത്. ശ്രീ. കെ.പി. വിശ്വനാഥൻ മന്ത്രിയായിരുന്ന സമയത്ത്, കഴിഞ്ഞ പ്രാവശ്യം, എന്റെ മന്ത്രിസഭയിൽ ജസ്റ്റിസ് പത്മനാഭൻ നായരാണ്

ശ്രീ. കെ.പി. വിശ്വനാഥനെതിരെ ഒരു പരാമർശം നടത്തിയത് അതിന്റെ പേരിൽ അദ്ദേഹത്തിന് രാജിവച്ച് പോകേണ്ടിവന്നു. സുപ്രീംകോടതിയിൽ ചെന്നപ്പോൾ അത് അപ്പാടെ എടുത്തുകളഞ്ഞു. ശ്രീ. പത്മനാഭൻ നായരെ ഈ കേസ്സിൽ വയ്ക്കുന്നതിന് ഞങ്ങൾക്ക് അതൊന്നും തടസ്സമായിരുന്നില്ല. സീനിയർ അഡ്വക്കറ്റുമാരായ 16 പേരുടെ പാനലാണ് നിങ്ങളുടെ കാലത്തും പുതിയതായി ഈ ഗവൺമെന്റ വന്നതിനുശേഷവും വച്ചതിൽ ഉണ്ടായിരുന്നത്. അവർ തുടരുന്നുമുണ്ട്. ആ കൂട്ടത്തിൽ അഡ്വക്കറ്റ് ജനറൽ റിട്ടയേർഡ് ജസ്റ്റിസുമാരായ പത്മനാഭൻ നായർ, ബസന്ത് എന്നിവർ അടക്കം 3 പേരെക്കൂടി ഉൾപ്പെടുത്തണമെന്ന് പറഞ്ഞു. ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം വഹിക്കുന്ന ആളെ ഒഴിവാക്കിയതിനുശേഷം മറ്റ് രണ്ടുപേരെ അംഗീകരിച്ചു. ഇപ്പോൾ 18 സീനിയർ അഡ്വക്കറ്റ്സിന്റെ പാനലാണുള്ളത്. അതിൽനിന്ന് ഓരോ കേസ്സിന്റെയും സ്വഭാവമനുസരിച്ച് നമ്മൾ ഒരാളെ അല്ലെങ്കിൽ രണ്ടുപേരെ നിയോഗിക്കുന്നു. അതിനെ ഇപ്പോൾ മാറ്റണമെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? പക്ഷെ കേസ്സിൽ വിധിപറഞ്ഞ അഡ്വക്കറ്റ് എന്ന നിലയിൽ സൂര്യനെല്ലി കേസ്സുമായി ബന്ധപ്പെട്ട ഒരു കേസ്സിലും ശ്രീ. ആർ. ബസന്ത് ഗവൺമെന്റിനുവേണ്ടി ഹാജരാകില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>ഡോ. ടി.എം. തോമസ് ഐസക്</u>: സർ, രണ്ട് ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അങ്ങും മറുപടി നൽകിയില്ല. ഇൻഡ്യയിൽ ഒരു നിയമം പാസ്സാക്കപ്പെട്ടിട്ടുണ്ട്. ആ നിയമം ലംഘിച്ചാൽ നിയമപാലനത്തിനുള്ള ഉത്തരവാദിത്വം സർക്കാരിനില്ലേ? ഇതാണ് ഒന്നാമത്തെ ചോദ്യം. രണ്ടാമത്തെ ചോദ്യം സ്വകാര്യ സംഭാഷണത്തെക്കുറിച്ചാണ്. ആ സംഭാഷണം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? ആ സംഭാഷണത്തിനിടയിൽ രണ്ട് പ്രാവശ്യ

മെങ്കിലും ജസ്റ്റിസ് ലേഖികയോട് പറയുന്നുണ്ട്, you may say that. ടേപ്പ് ചെയ്യാനുള്ള അനുവാദം കൊടുത്തുകാണില്ല. പക്ഷേ സ്വകാര്യമട്ടിലുള്ള സംഭാഷണമല്ല, നിങ്ങൾക്കിത് പറയാമെന്ന് സംഭാഷണത്തിൽ പറയുന്നുണ്ട്. അതുകൊണ്ട് സ്വകാര്യ സംഭാഷണമല്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. ഇക്കാര്യത്തിൽ നിയമലംഘനത്തിനുള്ള നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിനെക്കുറിച്ച് വ്യക്തമായി പ്രതികരിക്കാൻ ഇല്ലെന്നുപറഞ്ഞ് അവിടെവച്ച് ഈ സംഭാഷണം അവസാനിപ്പിച്ചതാണ്. അതിനുശേഷം 2 സുഹൃത്തുക്കളോടൊപ്പംനിന്ന് നടത്തിയ സ്വകാര്യസംഭാഷണമാണെന്ന് ഈ ജസ്റ്റിസും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന രണ്ട് അഡ്വക്കറ്റുമാരും പറഞ്ഞിട്ടുണ്ട്. ഒരു സ്വകാര്യസംഭാഷണത്തെ ഒളിക്യാമറ വച്ചുപിടിച്ച് അതൊരു വിവാദമാക്കി മുമ്പോട്ടുകൊണ്ടുവരുന്നതിന് ഗവൺമെന്റിന് ഒരുവിധത്തിലും താൽപ്പര്യമില്ല. നിയമപരമായി ഈ കേസ് മുമ്പോട്ടുകൊണ്ടുപോകുകയാണ്. നിയമത്തിന്റെ മുമ്പിൽ കുറ്റം ചെയ്ത ഒരാളെയും രക്ഷപ്പെടാൻ അനുവദിക്കില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, നിങ്ങൾ പറഞ്ഞുപറഞ്ഞ് അവസാനം പി.ജെ. കുര്യനിൽ എത്തി. അപ്പോൾ നിങ്ങൾക്ക് ഇത് വിവാദപരവും രാഷ്ട്രീയപരമായതുമാണെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. കുറ്റം ചെയ്ത ഒരാളും രക്ഷപ്പെടാതെ നിയമത്തിന്റെ മുമ്പിൽ വരണം. അത് നടപ്പിലാക്കിയിരിക്കും. യാതൊരു സംശയവുമില്ല. ഇത് സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞങ്ങൾ ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള അടിയന്തരപ്രമേയം വളരെ വ്യക്തവും ശക്തവുമാണ്. അതിനെപ്പറ്റി നിയമ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയും മുഖ്യമന്ത്രിയും പറഞ്ഞത് രഹസ്യമായിട്ടാണെങ്കിലും ഉള്ളിലിരിപ്പ് ശ്രീ. ആർ. ബസന്ത് പ്രകടിപ്പിച്ചതാണ്. ബാലവേശ്യയിൽ പങ്കെടുത്ത കുട്ടിയാണ് ഇതെന്ന് പരസ്യമായാണ് മി. ബസന്ത് പറയുന്നത്. കേരളത്തിൽ ഏത് കാല ത്താണ് ബാലവേശ്യ നടന്നുകൊണ്ടിരുന്നതെന്ന് മി. ബസന്തിന് ഇതുവരെ പറയാൻ കഴിഞ്ഞില്ലല്ലോ? അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് ഏതെങ്കിലും പെൺകുട്ടികൾ ബാലവേശ്യയിൽ പങ്കെടുത്ത് പിതാക്കന്മാരോട് ഈ കാര്യം ഇങ്ങനെ പറഞ്ഞിട്ടുണ്ടോ? ......(ബഹളം)......

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ്.......പ്രതിപക്ഷ നേതാവ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): .......അദ്ദേഹ ത്തിന് എങ്ങനെ ഇത് പറയാൻ തോന്നി?

മി. സ്പീക്കർ: അങ്ങ് ആ പരാമർശം ഒഴിവാക്കുന്നതാണ് നല്ലത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അദ്ദേഹത്തിന് എങ്ങനെ ഇത് പറയാൻ തോന്നി?

മി. സ്പീക്കർ: അങ്ങയുടെ പരാമർശം ശരിയല്ല. ......(ബഹളം)......

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നമ്മുടെ സംസ്ഥാനത്തെ മാത്രമല്ല, ഇൻഡ്യയിൽ ആകെയുള്ള സ്ത്രീകളെയും കുഞ്ഞുങ്ങളെയും അപമാനിക്കത്തക്കവിധത്തിൽ പറയുന്നത് സഹിക്കാൻ സാധിക്കുകയില്ല. വളരെ തെറ്റായ പരാമർശമാണ് ഇത്. നമ്മുടെ സംസ്ഥാനത്ത് ബാലവേല പോലും നിരോധിച്ചിരിക്കുകയാണ്. ......(ബഹളം).......

മി. സ്പീക്കർ: പ്രതിപക്ഷ നേതാവേ.......ഒരു മിനിറ്റ്......ഒരു മിനിറ്റ്..... അങ്ങ് നേരത്തെ നടത്തിയ പരാമർശം ഒഴിവാക്കേണ്ടതാണ്. .......(ബഹളം)......പ്ലീസ്.....പ്ലീസ്.....(ബഹളം).........വെളിയിൽ ആര് പറഞ്ഞു പറഞ്ഞില്ല എന്നുള്ളതല്ല. പറഞ്ഞെങ്കിൽ അത് തെറ്റാണ്. തെറ്റാണെന്ന് മുഖ്യമന്ത്രിയും പറഞ്ഞു. പക്ഷേ, പ്രതിപക്ഷ നേതാവെന്ന നിലയിൽ നിയമ സഭയിൽ അങ്ങ് അത്തരം ഒരു പരാമർശം നടത്തിയത് ഒഴിവാക്കേണ്ടതായിരുന്നുവെന്നാണ് ചെയറിന്റെ അഭിപ്രായം. .....(ബഹളം)......

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേരളത്തിലും ഇൻഡ്യയിലാകെയും ബാലവേല നിരോധിച്ചിരിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് നിരോധിച്ചിരിക്കുന്ന രാജ്യമാണ് ഇൻഡ്യ. ആ കാര്യം മി. ആർ. ബസന്തിന് അറിഞ്ഞുകൂടേ? ......(ബഹളം).....അദ്ദേഹത്തിന് ബാലവേശ്യയെപ്പറ്റിയുള്ള ഈ തോന്നൽ എങ്ങനെ കിട്ടിയെന്നതാണ് എന്റെ സംശയം. ആ കുടുംബത്തിൽ നിന്ന് അദ്ദേഹത്തിന് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ടാകണമല്ലോ? അല്ലാതെ ഇങ്ങനെ പറയാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇൻഡ്യാ രാജ്യത്ത് ഒരു മാന്യനോ അല്ലെങ്കിൽ ഒരു സാധാരണ പൗരനോ ഇതുപോലെയുള്ള പ്രസ്താവനകൾ പുറപ്പെടുവിച്ചതായി കേൾക്കാൻ കഴിയില്ല. അതുകൊണ്ട് ഇത്തരം അസംബന്ധപൂർണ്ണമായ പ്രവർത്തനം, പ്രചരണം അല്ലെങ്കിൽ സംഭാഷണം വളരെവളരെ ഹീനമാണ്, നീചമാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് മി. ആർ. ബസന്തിന്റെ പേരിൽ കേസ്സെടുക്കണം. ശ്രീ. ആർ. ബസന്തിന്റെ പേരിൽ ഇൻഡ്യൻ യൂണിയൻ പ്രസിഡന്റ് പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരായി കേസ്സെടുക്കാം. കേസ്സെടുക്കാൻ

ഗവൺമെന്റ് തയ്യാറുണ്ടോ ഇല്ലയോ എന്നതാണ് അറിയേണ്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സഖാവ് നായനാരുടെ കാലത്ത് ആ കുട്ടി യുടെ പ്രശ്നത്തിൽ ഒരു പ്രത്യേക കോടതി തന്നെ രൂപവൽക്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിചാരണ നടത്തി വളരെ ഗൗരവസ്വഭാവത്തോ ടുകൂടി സത്യസന്ധമായ ശിക്ഷണ നടപടികൾ, ജീവപര്യന്തവും 10 വർഷത്തി ലേറെയുമായ ശിക്ഷകൾ വിധിച്ചിട്ടുള്ളതാണ്. 35 പേരെ ഇത്തരത്തിൽ ശിക്ഷിച്ചതാണ്. ശിക്ഷിച്ചിട്ടുള്ള ആളുകളെ മോചിപ്പിക്കാൻ വേണ്ടി ജസ്റ്റിസ് ആർ. ബസന്ത് ഏത് ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിധി പ്രസ്ഥാ വിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഒളിക്യാമറയിൽ കൂടിയാണെങ്കിലും അല്ലെങ്കിലും അദ്ദേഹം പുറത്തുവിട്ട വൃത്തികെട്ട, ഹീനമായ വസ്തുതകൾ ആ കുട്ടിയെ വീണ്ടും പീഡിപ്പിക്കുന്നതിനുവേണ്ടിയുള്ള ഉദ്ദേശമാണ് അതിൽ ഉൾക്കൊണ്ടിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ കിട്ടിയിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ജസ്റ്റിസ് ആർ. ബസന്തി നോട് ഗവൺമെന്റ് നീതിപൂർവ്വമായ നിലപാട് സ്വീകരിക്കാതെ അദ്ദേഹത്തി നെതിരായിട്ട് ഓർഡിനൻസിന്റെ അടിസ്ഥാനത്തിലുള്ള കേസെടുക്കുകയാണ് വേണ്ടത്. അതുപോലെ അദ്ദേഹത്തെ സുപ്രീംകോടതിയുടെ പാനലിൽ നിന്നും ഒഴിവാക്കിയാൽ പ്രഥമ വീക്ഷണത്തിൽത്തന്നെ കേരള ഗവൺമെന്റ് ഒരു ന്യായം ചെയ്തുവെന്നുള്ള തോന്നൽ ഉണ്ടാക്കുവാൻ സഹായകമാകും. അത്തരം നടപടികൾ സ്വീകരിച്ചുകൊണ്ട് ജസ്റ്റിസ് ആർ. ബസന്ത് ഉണ്ടാക്കിവ ച്ചിരിക്കുന്ന അത്യന്തം നീചവും ഹീനവുമായ നിലപാടിൽ മാറ്റം വരുത്തുന്ന തിനുവേണ്ടി കേരള ഗവൺമെന്റ് അടിയന്തരമായി അദ്ദേഹത്തിനെതിരായി കേസെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അങ്ങ് ഇപ്പോൾ എന്നോട് ചോദിക്കുന്നത് ഈ വിധി എഴുതിയ ജസ്റ്റിസ് ആർ. ബസന്തിനെ പാനലിൽ നിന്നും ഒഴിവാക്കുമോയെന്നാണ്. ഈ വിധി എഴുതിയത് സീനിയർ ജഡ്ജിയായ ജസ്റ്റിസ് കെ. എ. അബ്ദുൾ ഗഫൂറാണ്. അതിനോട് ജസ്റ്റിസ് ആർ. ബസന്ത് യോജിക്കുകയാണ് ചെയ്തത്. ആ ജസ്റ്റിസ് കെ. എ. അബ്ദുൾ ഗഫൂറിനെ ഈ വിധി വന്നതിനുശേഷം അഞ്ചുവർഷക്കാലം കടാശ്വാസ കമ്മീഷൻ ചെയർമാനായി അങ്ങ് നിയോഗിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: അദ്ദേഹം ഈ സുപ്രീംകോടതി വിധിയെ ന്യായീകരിച്ച് ഒരു വർത്തമാനവും എവിടെയും പറഞ്ഞിട്ടില്ല. സാധാരണ സീനിയർ ജഡ്ജസ് തയ്യാറാക്കുന്ന ഡ്രാഫ്റ്റ് ഭംഗ്യന്തരേണ കൂടെയുള്ള ജഡ്ജസും അനുകൂലിക്കുകയാണ് പതിവ്. അങ്ങനെ അദ്ദേഹം അനുകൂലിച്ചതായിരിക്കും. അതിനെ ന്യായീകരിച്ചുകൊണ്ട് ജസ്റ്റിസ് ആർ. ബസന്ത് ഒരു ലേഖികയോട് സംസാരിച്ചതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ ഉള്ളിലിരിപ്പ് എന്താണെന്നുള്ളത് വ്യക്തമായിരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ജസ്റ്റിസ് ആർ. ബസന്ത് ഇപ്പോൾ പറഞ്ഞ കാര്യം നാലുകൊല്ലം മുമ്പ് ഹൈക്കോടതി പുറപ്പെടുവിച്ച ഈ ജഡ്ജ്മെന്റിൽ ഉള്ളതാണ്. അത് എഴുതിയത് ജസ്റ്റിസായിരുന്ന കെ. എ. അബ്ദുൾ ഗഫൂറാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ ലേറ്റസ്റ്റായിട്ട് കിട്ടിയ ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സൂര്യനെല്ലിക്കേസിൽ ഒന്നാം പ്രതി ധർമ്മരാജൻ ശ്രീ. പി. ജെ. കുര്യനെ തന്റെ കാറിൽ ഗസ്റ്റ് ഹൗസിൽ കൊണ്ടുപോയിയെന്ന് മാതൃഭൂമി ന്യൂസിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ഈ വസ്തുതകളെല്ലാം പരിഗണിച്ചുകൊണ്ടാണ് നമ്മൾ ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്. കേരളത്തിനാകെ അപമാനമു

ണ്ടാകത്തക്ക തരത്തിലുള്ള പരാമർശങ്ങളാണ് ജസ്റ്റിസ് ആർ. ബസന്ത് നടത്തിയിട്ടുള്ളത്. കേരളത്തിന് മാത്രമല്ല ഇന്ത്യയിലാകെയുള്ള പ്രായപൂർത്തിയായതും അല്ലാത്തതുമായ കുട്ടികളുടെ നേരെ നടത്തിയിട്ടുള്ള അത്യന്തം ഹീനമായ പ്രവർത്തനത്തെ നമ്മൾ ചോദ്യം ചെയ്യുന്നു എന്ന് വരത്തക്കവിധത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തെ ആകെ കണ്ടുകൊണ്ടുള്ള ഒരു നിലപാട് സ്വീകരിക്കണം. ആ പാനലിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കണം. അദ്ദേഹത്തിനെതിരായി കേസെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അഭിപ്രായങ്ങൾ കൂടി കേട്ടിട്ടുവേണം ഞങ്ങൾക്ക് ഈ സഭയിൽ നിന്നും.......... എന്ത് ചെയ്യണമെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. അവസാനം വരെ ഞാൻ മുഖ്യമന്ത്രിയെ ഉറ്റുനോക്കുകയാണ്. എന്റെ വീട്ടിലും അദ്ദേഹത്തിന്റെ വീട്ടിലും സ്ത്രീകളും കുഞ്ഞുങ്ങളുമുണ്ട്. അതെല്ലാം മനസ്സിലാക്കിക്കൊണ്ട് ഈ പ്രശ്നത്തിൽ ഇന്ത്യയ്ക്കാകെ കേരളം നേതൃത്വം കൊടുക്കത്തക്കതരത്തിൽ ഒരു പരാമർശം അങ്ങ് നടത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എനിക്ക് പറഞ്ഞതിൽക്കൂടുതലായിട്ടൊന്നും പറയാനില്ല. പറയുന്നതുപോലെ പ്രവർത്തിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്. അങ്ങ് ഇപ്പോൾ ജസ്റ്റിസ് ആർ. ബസന്തിനെ കുറ്റപ്പെടുത്തുമ്പോൾ ആ ജഡ്ജ്മെന്റിന് അകത്തുള്ള കാര്യങ്ങളാണ് ജസ്റ്റിസ് ആർ. ബസന്ത് പറഞ്ഞതെന്ന് ഓർക്കണം. അത് എഴുതിയ കെ. എ. അബ്ദുൾ ഗഫൂറിനെ അങ്ങ് കടാശ്വാസ കമ്മീഷന്റെ ചെയർമാനായിട്ട് അഞ്ചുകൊല്ലം വച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആ കാലത്ത് സുപ്രീംകോടതിയിൽ നിന്നും ഇങ്ങനെ ഒരു വിധി വന്നിട്ടില്ല. സുപ്രീംകോടതിയുടെ വിധി ഇപ്പോഴാണ് വന്നത്. സുപ്രീംകോടതി വിധി വന്നതിനുശേഷം ജസ്റ്റിസ് കെ.

എ. അബ്ദുൾ ഗഫൂറിനെ ഏതെങ്കിലും സ്ഥാനത്ത് വയ്ക്കാൻ ഞങ്ങൾക്ക് കഴിയില്ല. അദ്ദേഹം മരിച്ചുപോയില്ലേ? മരിച്ചുപോയ അദ്ദേഹത്തെ ഈ വിവാദത്തിൽ ഉൾപ്പെടുത്തിയത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. ക്രൂരനായ മുഖ്യമന്ത്രിയാണ് അങ്ങ്. മരിച്ചുപോയ ഒരു റിട്ടയേർഡ് ജഡ്ജിയെ വിവാദത്തിൽപ്പെടുത്തുക എന്നതുകൊണ്ട് എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്?.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ശ്രീ കോടിയേരി ബാലകൃഷ്ണൻ, അങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇത് നിങ്ങൾക്കിട്ട് കൊള്ളുമെന്ന കാര്യം എനിക്കറിയാം. പക്ഷേ ഈ ഗവൺമെന്റ് നിയമപരമായി പ്രവർത്തിക്കും. നിയമത്തിന്റെ മുമ്പിൽ കുറ്റം ചെയ്ത ഒരാളും രക്ഷപ്പെടില്ല. നിങ്ങൾ ഒരു പ്രതിയെ കൂട്ടുപിടിച്ച്, പതിനേഴ് കൊല്ലക്കാലം പറയാത്ത കാര്യം പറഞ്ഞതിൽ പിടിച്ചു കയറാൻ പറ്റുമോയെന്ന് നോക്കുകയാണ്. ഈ കേരളീയ സമൂഹത്തെ ഇതുപോലെ കബളിപ്പിച്ച് മുമ്പോട്ടുപോകാൻ സാധിക്കില്ല. അധികാരത്തിലിരുന്നപ്പോൾ ചെയ്യാത്ത കാര്യങ്ങൾ ഇന്ന് ചെയ്യണമെന്ന് നിങ്ങൾ ആവശ്യപ്പെടുന്നത് ഇതിനെ രാഷ്ട്രീയവത്ക്കരിക്കാനാണ്. ഇതുപോലുള്ള ഏറ്റവും ഹീനവും നീചവുമായ കാര്യത്തിൽ അതിലെ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ശിക്ഷിക്കാനും നമ്മൾ ഒത്തൊരുമിച്ചു നിന്ന് പ്രവർത്തിക്കേണ്ടതാണ്. ഇത് രാഷ്ട്രീയവത്ക്കരിക്കുക എന്നതാണ് നിങ്ങളുടെ ശ്രമം. ഞങ്ങൾ ഇതുപോലുള്ള ഒരു കേസും രാഷ്ട്രീയവത്ക്കരിച്ചില്ല. കിളിരൂർ കേസ് വന്നപ്പോഴും കവിയൂർ കേസ് വന്നപ്പോഴും ഞങ്ങൾ രാഷ്ട്രീയവത്ക്കരിച്ചില്ല. ഞങ്ങൾ അത് ചെയ്യില്ല. നിങ്ങൾ ചെയ്താലും ഞങ്ങൾ ചെയ്യില്ല. കാരണം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഏറ്റവും നിന്ദ്യവും നീചവുമാണ്. അതുപോലെതന്നെയാണ് കുറ്റം ചെയ്യാത്തവരെ രാഷ്ട്രീയ കാരണത്തിന്റെ പേരിൽ പ്രതിക്കൂട്ടിൽ കൊണ്ടുവരാൻ ശ്രമി

ക്കുന്നത്. അതുകൊണ്ട്  ഇതിൽ രാഷ്ട്രീവത്ക്കരണമല്ല ആവശ്യം. യഥാർത്ഥ പ്രതികൾ രക്ഷപ്പെടരുത്, അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. അതിന് നിങ്ങൾ വയ്ക്കുന്ന ഏത് നിർദ്ദേശവും ഞങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാണെന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പ്രതീക്ഷിച്ചതുപോലെ ശ്രീ. പി.ജെ. കുര്യനെയും ജസ്റ്റിസ് ആർ. ബസന്തിനെയും രക്ഷിക്കാൻ വേണ്ടി ബദ്ധകങ്ക ണനായി നിൽക്കുന്ന മുഖ്യമന്ത്രിയുടെ ശബ്ദമാണ് ഞങ്ങൾ ഇവിടെ കേട്ടത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി, നിങ്ങളുടെ വാദഗതി അത്യന്തം ഹീനമാണ്, അത് കേരളത്തിലെ മാത്രമല്ല, ഇൻഡ്യയിലാകെയുള്ള സ്ത്രീകളെയും കുട്ടിക ളെയും അപമാനിക്കുന്നതിന് തുല്യമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇത്തര ത്തിൽ അധ:പതിച്ച ഒരു നിലപാട് എടുത്തതെന്ന് എനിക്ക് തീരെ മനസ്സിലാകു ന്നില്ല. ഇൻഡ്യൻ യൂണിയൻ പ്രസിഡണ്ട് പുറപ്പെടുവിച്ചിരിക്കുന്ന ഓർഡി നൻസിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് ബസന്തിനെതിരായി കേസ്സെടുക്കാവു ന്നതാണ്, അങ്ങനെ കേസ്സെടുക്കുന്നതിന് തയ്യാറാകണം എന്നാണ് ഞാൻ നിങ്ങളോട് വിനീതമായി ആവശ്യപ്പെട്ടത്. ശ്രീ. പി.ജെ. കുര്യനെതിരായി കേസ്സെടുക്കാവുന്നതാണ്, ഇതുപോലെയുള്ള ഒട്ടേറെ സാധ്യതകൾ നിങ്ങൾക്ക് ചെയ്യാനുണ്ട്. അങ്ങനെ ചെയ്യാതിരിക്കുന്ന, ഇൻഡ്യയിലെ സ്ത്രീസമൂഹത്തെയും കുട്ടികളെയും ജനാധിപത്യവാദികളായ ജനങ്ങളെയും ആകെ അപമാനിക്കുന്ന നിങ്ങളുടെ ഈ സമീപനത്തിൽ ശക്തിയായി പ്രതി ഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ വിനീതമായ ഒരു അപേക്ഷയുണ്ട്. അന്തരിച്ച ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂറിനെ ഈ സഭയിൽ നിങ്ങൾ ഒരു സാക്ഷിയായി ഹാജരാക്കിയതിൽ വ്യക്തിപരമായും ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചുമുള്ള ദു:ഖം രേഖപ്പെടുത്തുന്നു. ഒരു പിടിവള്ളി ഇല്ലാതെ വന്നപ്പോൾ പാവപ്പെട്ട അബ്ദുൾ ഗഫൂറിനെ, മരിച്ചുപോയ ഒരാളിനെ നിയമസഭയിൽ സാക്ഷിയായി ഹാജരാക്കിയ കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയാണ് അങ്ങ്. ഈ പറയുന്നത് ഇവിടെ ആരെങ്കിലും ശ്രദ്ധിച്ചില്ലെങ്കിൽ ഞങ്ങൾ വർത്തമാനം പറഞ്ഞിട്ടെന്താണ് കാര്യം? ഇത് ഇവിടെ ആവർത്തിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി.എം.... ശ്രീ. വർക്കല കഹാർ.....

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്കുകൂടി പരിചയമുള്ള ആളാണ് ജസ്റ്റിസ് അബ്ദുൾ ഗഫൂർ. മരിച്ചുപോയ അദ്ദേഹത്തെ എന്തിനാണ് നിയമസഭയിൽ വലിച്ചിഴച്ചത്; ജീവിച്ചിരിക്കുന്ന ആളുകളെ സാക്ഷികളാക്കിക്കൂടേ? അങ്ങ് അത് പിൻവലിക്കണം. സഭാരേഖകളിൽ നിന്ന് അബ്ദുൾ ഗഫൂറിന്റെ പേര് പിൻവലിക്കാൻ ആവശ്യപ്പെടണം. അല്ലെങ്കിൽ അത് നിയമസഭയ്ക്ക് അപമാനകരമാണ്. രണ്ടാമത്തെ കാര്യം, അങ്ങയുടെ കൈവശം സൂര്യനെല്ലി പെൺകുട്ടിയുടെ കത്തുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):സർ, ജഡ്ജി മരിച്ചാലും ജഡ്ജ്മെന്റ് മരിക്കില്ല. മരിക്കാത്ത ജഡ്ജ്മെന്റിനെക്കുറിച്ചാണ് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എന്താണ് പറയുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ പറഞ്ഞത് ജഡ്ജ്മെന്റിന്റെ കാര്യമല്ല, ജസ്റ്റിസ് അബ്ദുൾ ഗഫൂറിന്റെ കാര്യമാണ്. ശ്രീ.

തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ആവശ്യമില്ലാതെ തർക്കിക്കേണ്ടതില്ല. അബ്ദുൾ ഗഫൂറിനെ നിങ്ങൾക്ക് അറിയില്ല, ഞങ്ങൾക്കറിയാം, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാം, എല്ലാവർക്കുമറിയാം. അബ്ദുൾ ഗഫൂർ അങ്ങനെയുള്ള ഒരാളല്ല, ഇന്റഗ്രിറ്റിയുള്ള ആളാണ്. സൂര്യനെല്ലി പെൺകുട്ടി യുടെ കത്ത് മുഖ്യമന്ത്രിയുടെ കൈവശമുണ്ട്. ആ കുട്ടിയെക്കുറിച്ചാണ് ജസ്റ്റിസ് ആർ. ബസന്ത് വളരെ മോശമായ കമന്റ് നടത്തിയത്. സ്ത്രീത്വത്തെ ബഹുമാനിക്കണം. സ്ത്രീകളെയും പെൺകുട്ടികളെയും ബഹുമാനിക്കണം. ജസ്റ്റിസ് ആർ. ബസന്തിന്റെ ബാലവേശ്യ എന്ന പ്രയോഗത്തിനെതിരെയാണ് രാജ്യവ്യാപകമായി പ്രതിഷേധം ഉയർന്നത്. പെൺകുട്ടിയെ ആക്ഷേപിച്ചതിനെ തിരെ അങ്ങ് നയിക്കുന്ന പാർട്ടിയുടെ മഹിളാ വിഭാഗക്കാർ ഇന്നലെ സെക്രട്ടേ റിയറ്റിന്റെ നടയിൽ രോഷാഗ്നി കൊളുത്തി, മെഴുകുതിരി കൊളുത്തി. ഞാൻ അവരെ അഭിനന്ദിക്കുകയാണ്. ഏതായാലും പെണ്ണായി പിറന്നതല്ലേ, ആ കുട്ടിയെ മലയാളിയായ ഒരു മുൻ ഹൈക്കോടതി ജഡ്ജി ബാലവേശ്യ എന്നു പറഞ്ഞാൽ രോഷമുണ്ടാകേണ്ടതല്ലേ, പ്രതിഷേധിക്കേണ്ടതല്ലേ. ഭരണമെല്ലാം നാളെ പോകും, ഞാനും നിങ്ങളും ഒന്നിച്ചിറങ്ങേണ്ടതല്ലേ? സമൂഹത്തിന്റെ മുഖത്തു നോക്കിയാണോ ഇങ്ങനെ പറയുന്നത്? ഉത്തരവാദപ്പെട്ട നിങ്ങൾ എന്തിനാണ് ബസന്തിനുവേണ്ടി വാദിക്കുന്നത്? രാഷ്ട്രീയ പ്രവർത്തകനായതു കൊണ്ട് പി.ജെ. കുര്യനു വേണ്ടി വാദിക്കുന്നത് മനസ്സിലാക്കാം. ബസന്ത് ആരാണ്? എന്തിനാണ് അദ്ദേഹത്തിനുവേണ്ടി വാദിക്കുന്നത്? അങ്ങനെ പറ യാമോ, നമ്മുടെ വീട്ടിലും കുട്ടികളില്ലേ? വെറുതെ റോഡിലൂടെ പോകുന്ന കുട്ടിയെ വേശ്യ എന്ന് വിളിച്ചാൽ പൗരബോധമുള്ള ആളുകൾ അംഗീകരി ക്കുമോ? അടി കൊടുക്കില്ലേ. അല്ലെങ്കിൽ പിന്നെ എന്താണ് കേരളത്തിന്റെ സംസ്കാരം; പെൺകുട്ടികളെ വേശ്യ എന്നു വിളിക്കുന്നതാണോ? അതിൽ

പ്രതിഷേധമില്ലാതിരിക്കുന്നതാണോ; പ്രതിഷേധിക്കുന്നവരെ അടിച്ചമർത്തുന്ന താണോ നിങ്ങളുടെ നയം? ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം നടന്നുപോകുന്ന വഴിയിൽ ഒരു പെൺകുട്ടിയെ വേശ്യ എന്ന് വിളിച്ച് ഒരാൾ അധിക്ഷേപിക്കുകയാണെങ്കിൽ അത് കേട്ടിട്ടുപോ കുമോ? ശ്രീ. രമേശ് ചെന്നിത്തല കേട്ടിട്ടു പോകില്ല, എന്തിനാണ് അങ്ങനെ വിളിച്ചതെന്ന് അന്വേഷിക്കും. അതാണ് നമ്മുടെ സംസ്കാരം. ജസ്റ്റിസ് ബസന്തിന്റെ സംസ്കാരം ഒരുപക്ഷേ അങ്ങനെയല്ലായിരിക്കാം, അക്കാര്യം കോടതി തെളിയിക്കട്ടെ. പക്ഷേ ജസ്റ്റിസ് ബസന്തിനെ നിങ്ങൾ തിരുത്തണം, ആ വിളി തെറ്റായിരുന്നു. അദ്ദേഹത്തിന്റെ പ്രസ്താവനയെ മുഖ്യമന്ത്രി അപല പിക്കണം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെ പരമപുച്ഛമായി അദ്ദേഹം തള്ളിയിരിക്കുന്നു. അവന്മാർക്ക് വായിക്കാൻ അറിയില്ല, ഞങ്ങളുടെ ജഡ്ജ്മെന്റ് വായിച്ചില്ല, വായിക്കാൻ വിവരമില്ലാത്തവരാണ്, വായിച്ചിട്ട് മന സ്സിലായില്ല അതുകൊണ്ടാണ് ഞെട്ടിപ്പോയത് എന്നൊക്കെ പറയുകയുണ്ടായി. അങ്ങനെ ജോക്ക് ചെയ്യാമോ; സുപ്രീംകോടതിയെ ജോക്ക് ചെയ്യാമോ? അങ്ങനെ പരമോന്നത കോടതിയെ ജോക്ക് ചെയ്താൽ നമ്മൾ എവിടെ ചെന്നുനിൽക്കും; ജസ്റ്റിസ് ബസന്ത് അല്ലാതെ മറ്റുള്ളവർ പറഞ്ഞാൽ നിങ്ങൾ ശിക്ഷിക്കുമോ; ബസന്തിനുവേണ്ടി നിങ്ങൾ വാദിക്കുകയല്ലേ? ഇത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇതെല്ലാം മറുപടി പറഞ്ഞാൽ തീരുന്ന പ്രശ്ന മാണോ; നമ്മൾ രണ്ടുകൂട്ടരും വാദപ്രതിവാദം നടത്തിയാൽ തീരുന്നതാണോ; അതിനപ്പുറത്ത് ചില വസ്തുതകളില്ലേ; ആ വസ്തുതകൾക്ക് പരിഹാരം കാണേണ്ടതല്ലേ; അതല്ലേ ഈ പെൺകുട്ടിയുടെ കഥ? കുറ്റവാളി ആരായാലും ശിക്ഷിക്കപ്പെടേണ്ടതല്ലേ? കുറ്റവാളിക്കുവേണ്ടി നിങ്ങൾ വാദിക്കരുത്. ഗവൺമെന്റിന്റെ, പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ വളരെ നിർഭാഗ്യകരമായ നില

പാടിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യൂ റ്റി. തോമസ് : ബഹുമാനപ്പെട്ട സ്പീക്കർ, കേരളത്തിന്റെ ധാർമ്മികതയ്ക്ക് ഓരോ ദിവസവും പ്രഹരം ഏറ്റുകൊണ്ടിരിക്കുകയാണ്. ആ പ്രഹരം ഏൽപ്പിക്കുന്നതിൽ അറിഞ്ഞോ അറിയാതേയോ നാമും ഈ നിയമ സഭയും സാക്ഷിയായിക്കൊണ്ടിരിക്കുന്നു എന്ന ഒരു ദു:ഖ സത്യം അനാവരണം ചെയ്യാൻ ഞാൻ ആഗ്രഹിക്കുകയാണ്. പതിനേഴ് കൊല്ലം മുമ്പ് 40 ദിവസം 42 പേരാൽ പീഡിപ്പിക്കപ്പെട്ട കുട്ടി ബാലവേശ്യയായിരുന്നു എന്നാണ് ജസ്റ്റിസ് ആർ. ബസന്ത് കഴിഞ്ഞ ദിവസം വെളിപ്പെടുത്തിയത്. ഇത് വെളിപ്പെടുത്തിയത് ഒരു സ്വകാര്യ സംഭാഷണത്തിലായിരുന്നുവെന്ന വാദഗതി നിലനിൽക്കുന്നില്ല. മാധ്യമ പ്രവർത്തകരാണെന്ന് അറിഞ്ഞുകൊണ്ട് മറ്റ് രണ്ട് വക്കീലന്മാരുടെ സാന്നിദ്ധ്യത്തിലാണ് വെളിപ്പെടുത്തിയത്. മാത്രമല്ല കുറെ നാളുകൾക്കുമുമ്പ് താൻ ഹൈക്കോടതി ജഡ്ജി ആയിരിക്കുമ്പോൾ പുറപ്പെടുവിച്ച ഒരു വിധി ഇൻഡ്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി റദ്ദാക്കിയപ്പോൾ, ആ പരമോന്നത നീതിപീഠത്തെ പണ്ട് ഹൈക്കോടതി ജഡ്ജിയായിരുന്നപ്പോൾ ഈ വിധി പുറപ്പെടുവിച്ച ആൾ അധിക്ഷേപിക്കുകയുമാണ്. അതും ധാർമ്മികതയ്ക്ക് നേരെയുണ്ടായ ഒരു പ്രഹരമല്ലേ? ഈ സംഭവം ഓരോ ദിവസവും നമ്മുടെ നാടിന്റെ സാമൂഹ്യ മനസാക്ഷിയെ ഉണർത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടു ദിവസമായി കേരളത്തിൽ ജസ്റ്റിസ് ആർ. ബസന്ത് പ്രതിസ്ഥാനത്താണ്, ഒരു സംശയവുമില്ല. കേരളത്തിലെ

സ്ത്രീകളുടെ മുന്നിൽ മാത്രമല്ല ധാർമ്മികതയിൽ വിശ്വസിക്കുന്ന മുഴുവൻ ജനങ്ങളുടെ മുന്നിലും അദ്ദേഹം പ്രതിസ്ഥാനത്താണ്. ആ പ്രതിക്കുവേണ്ടി കേരളത്തിലെ നിയമ വകുപ്പുമന്ത്രി വക്കാലത്ത് എടുക്കണമായിരുന്നോ? എന്തിനാണ് ഈ സഭയിൽ വന്ന് അദ്ദേഹത്തെ ന്യായീകരിച്ചത്? ഒരു കേസ്സിൽ നമ്മൾ താല്ക്കാലിക രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി ചില കാര്യങ്ങൾ പറയു മ്പോൾ, നാട്ടിൽ പരിപാവനമായി സൂക്ഷിച്ചുപോന്നിരുന്ന ഉന്നതമായ മൂല്യ ബോധത്തിനാണ് ഇടിച്ചിൽ ഉണ്ടാകുന്നത്. അതിനൊക്കെ നാം കൂട്ടുനിൽക്ക ണമോ? ഇവിടെ പ്രശ്നം ഒരു വിധിയല്ല. ആ വിധിയിലേയ്ക്ക് അദ്ദേഹത്തെ നയിച്ച ചില ഹീനമായ മുൻവിധികൾ ഇന്ന് പുറത്തുവന്നിരിക്കുന്നു. കഴു ത്തിൽ കിടന്ന മാലയും കാതിൽ കിടന്ന കമ്മലും കാലിൽ കിടന്ന വെള്ളി ക്കൊലുസുപോലും അഴിച്ചുമാറ്റി റോഡിൽ ഇറക്കിവിട്ട ഒരു പെൺകുട്ടി പണ ത്തിനുവേണ്ടി വേശ്യാവൃത്തി നടത്തിയതാണ് എന്ന് ഒരു മുൻ ന്യായാധിപൻ ഈ സമൂഹത്തോട് പറയുമ്പോൾ അദ്ദേഹത്തെ ന്യായീകരിക്കാൻ നമ്മൾ എന്തിനാണ് സമയം കളയുന്നത്? അദ്ദേഹത്തിനെതിരെ നടപടി എടുക്കുന്നതി നുള്ള ആർജ്ജവമാണ് സംസ്ഥാനസർക്കാർ കാണിക്കേണ്ടത്. ഇത് കേരള ത്തിന്റെ ധാർമ്മികതയ്ക്ക് എതിരെയുള്ള വലിയ വെല്ലുവെളിയായി സ്വീകരി ക്കാൻ ഗവൺമെന്റ് തയ്യറാറുണ്ടോ? ഏറ്റവും കുറഞ്ഞത്, സുപ്രീംകോടതി യുടെ പാനലിൽ അദ്ദേഹം വേണ്ടായെന്ന് പറയാനെങ്കിലും ഗവൺമെന്റ് തയ്യാറാകണം. കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കേണ്ടത് അഡ്വക്കേറ്റ് ജനറലാണ്, അദ്ദേഹമാണ് അതിന് ശുപാർശ വയ്ക്കേണ്ടത്. പക്ഷേ, വിവാദ മായ ഈ വിധി പുറപ്പെടുവിച്ച വക്കീലിന്റെ മുന്നിൽ പ്രതികൾക്കുവേണ്ടി ഹാജരായ വക്കീലാണ് ഇപ്പോഴത്തെ അഡ്വക്കേറ്റ് ജനറൽ. അദ്ദേഹം അതിന് തയ്യാറാകുന്നില്ല. എല്ലാവരും അവരവരുടേതായ താല്പര്യം സംരക്ഷിക്കുകയ

ല്ലാതെ ഈ നാടിന്റെ പൊതുവായ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ തയ്യാറാകുന്നില്ല. നാട്ടിൽ നാമെല്ലാവരും ചേർന്ന് കാത്തു സൂക്ഷിക്കേണ്ട മൂല്യങ്ങൾ കാത്തുസൂക്ഷിക്കുവാൻ പൊതുസമൂഹത്തെ ഒരുമിച്ച് നിർത്തുന്നതിന് ഒരു സാഹചര്യമുണ്ടാക്കിക്കൊടുക്കാൻ ഭരണ-പ്രതിപക്ഷത്തുള്ള മുഴുവൻ പേർക്കും ഉത്തരവാദിത്തമില്ലേ? അതിന് മുൻകയ്യെടുക്കേണ്ടത് ഗവൺമെന്റല്ലേ? അത് ചെയ്യുന്നതിനു പകരം തെറ്റുകാരെ ന്യായീകരിക്കുവാനും അവർക്കുവേണ്ടി വാദഗതി നിരത്തുവാനുമാണ് നിയമ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തയ്യാറാകുന്നത്, ഇത് കഷ്ടമാണ്. ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ.എ. അസീസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെളിപ്പെടുത്തിയത് ജസ്റ്റിസ് ആർ. ബസന്ത് സ്വകാര്യ സംഭാഷണത്തിലാണ് അങ്ങനെ പറഞ്ഞതെന്നാണ്. എന്നാൽ തൊട്ടടുത്ത ദിവസം അദ്ദേഹം പറഞ്ഞത് പത്ര മാധ്യമങ്ങളിൽ നാം കണ്ടതാണ്. സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞ അതേ വാക്കുകളിൽ ഞാൻ ഉറച്ചു നിൽക്കുന്നുവെന്നാണ് ജസ്റ്റിസ് ആർ. ബസന്ത് പറഞ്ഞത്. അപ്പോൾ രഹസ്യമായി പറഞ്ഞതാണെങ്കിൽപ്പോലും അതേ വാക്കുകളിൽ ഞാൻ ഉറച്ചു നിൽക്കുന്നുവെന്ന ജസ്റ്റിസ് ആർ. ബസന്തിന്റെ പ്രസ്താവന ഇന്നലെ പത്രങ്ങളിൽ വന്നതാണ്. അത് നിഷേധിക്കാൻ കഴിയുന്നതല്ല. വാസ്തവത്തിൽ ഇത് ന്യായാധിപന്മാർക്ക് ഒരു അപമാനമാണ്. അധികാരവും പണവും ഉണ്ടെങ്കിൽ എന്തുമാകാം, ആർക്കും വശംവദനാകാം എന്നുള്ള നിലയിലാണ് ജസ്റ്റിസ് ആർ. ബസന്ത് ഇങ്ങനെയൊരു പ്രസ്താവന നടത്തിയതെന്ന് ആർക്കാണ് മനസ്സിലാക്കാൻ കഴിയാത്തത്? യഥാർത്ഥത്തിൽ അധി

കാരത്തിനും പണത്തിനും വശംവദനായതിന്റെ ഫലമായിട്ടല്ലേ ജസ്റ്റിസ് ബസന്ത് ഇത്തരത്തിൽ നീതിന്യായത്തെ കശാപ്പ് ചെയ്യുന്ന കശ്മലന്മാരുടെ കൂട്ടത്തിൽ എത്തിച്ചേർന്നത്; ഒരു ഭ്രാന്തൻ സമീപനമല്ലേ അദ്ദേഹം നട ത്തിയത്; ഭ്രാന്തന്മാർ നടത്തുന്ന പ്രസ്താവനയല്ലേ അദ്ദേഹത്തിൽനിന്നുണ്ടാ യത്? ഇത് സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന പ്രതികര ണങ്ങൾ കേരളത്തിനും രാജ്യത്തിനും അപമാനകരമല്ലേ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽപ്പെട്ട വനിതകൾപോലും സെക്രട്ടേറിയറ്റ് പടി ക്കലും സർക്കാർ ഓഫീസുകളുടെ പടിക്കലും ഇപ്പോൾ പ്രതിഷേധ പ്രകടന ങ്ങളുമായി ഇറങ്ങിയിരിക്കുകയാണ്. അതിനെ ന്യായീകരിക്കുവാൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിയുമോ? കോൺഗ്രസ്സിനോ കെ.പി.സി.സി. പ്രസി ഡന്റിനോ സാധിക്കുമോ? കോൺഗ്രസ്സിന്റെ വനിതാ പ്രവർത്തകർ ഇക്കാര്യ ത്തിൽ പ്രതിഷേധിക്കുന്നത് തെറ്റാണെന്ന് പറയാൻ നിങ്ങളുടെ സംഘട നയ്ക്ക് കഴിയുമോ? അത്തരത്തിലുള്ള ഒരു സംഭവം ചർച്ച ചെയ്യപ്പെടാൻ ഇടയാകാത്ത സാഹചര്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഈ സഭയിൽനിന്ന് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. തോമസ് ചാണ്ടി</u> : സർ, ജസ്റ്റിസ് ആർ. ബസന്തിന്റെ അഭിപ്രായ ത്തോട് യോജിപ്പില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. നല്ല കാര്യം, ഞാൻ അത് അംഗീകരിക്കുന്നു. കേരളത്തിലെ ദൃശ്യ-മാധ്യമങ്ങളിലും പത്ര-മാധ്യമങ്ങളിലും വരുന്ന ഇപ്പോഴത്തെ ചർച്ചകളിൽനിന്ന് ഒരു പാഠം പഠി ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയും കൂടി കേൾക്കാനാണ് ഇക്കാര്യം പറയുന്നത്. ഡൽഹിയിൽ ഒരു ബലാത്സംഗം

നടന്നു, ഇന്ത്യാ ചരിത്രത്തിൽ ഇന്നുവരെ കേട്ടിട്ടില്ലാത്ത രീതിയിൽ ഒരു ബലാത്സംഗം. ശ്രീമതി അയിഷാ പോറ്റിയുടെ മണ്ഡലത്തിൽ, ഒരു പെൺകുട്ടിയെ തമിഴ്നാട്ടിൽനിന്ന് കൊണ്ടുവന്ന് ഉപേക്ഷിച്ചിട്ടു പോയി. തമിഴ്നാട്ടിൽ വച്ചാണ് ബലാത്സംഗം നടന്നിരിക്കുന്നത്. അതും ഇന്നത്തെ പത്രങ്ങളിൽ നമ്മൾ വായിച്ചു. എനിക്ക് ഒരുകാര്യം പറയാനുള്ളത്, ഇവിടെ ചില പെൺകുട്ടികൾ..... 18 വയസ്സ് ആയിട്ടില്ലെങ്കിൽ അതിന് വേറെ നിയമമുണ്ട്. നിയമം ഏതെന്ന് എനിക്കറിയില്ല, ഞാൻ നിയമജ്ഞനല്ല. 30 വർഷത്തോളം ഗൾഫിൽ ജോലി ചെയ്ത ഒരു ഗൾഫ് മലയാളിയാണ്. എന്നാലും സാമാന്യ ബുദ്ധിയുള്ളതുകൊണ്ട് എനിക്ക് നിങ്ങളോട് ഒരു നിർദ്ദേശമുണ്ട്, ചിലപ്പോൾ അപക്വമായ പ്രായത്തിൽ പെൺകുട്ടികൾ ആരെങ്കിലും നാലഞ്ചുപേരുമായി ഇറങ്ങിപ്പോവുകയും അത് പിടിക്കപ്പെടുമ്പോൾ അറിഞ്ഞുകൊണ്ടല്ലെന്നും നിർബന്ധിച്ചു കൊണ്ടുപോയതാണെന്നും പറയും. അതിനെ ഇന്നു നടക്കുന്ന ക്രൂരമായ ബലാൽസംഗങ്ങളുമായി കൂട്ടിക്കുഴച്ച് ഇപ്പോഴത്തെ ദൃശ്യ-മാധ്യമങ്ങൾ പീഡനമെന്നപേരിൽ വാർത്തകൊടുക്കുന്നു. അതും പീഡനം, ഇതും പീഡനം. ഈ അവസ്ഥയിലേയ്ക്ക് പോകാതിരിക്കാൻ, വരുംകാലങ്ങളിലെങ്കിലും ഇത് രണ്ടുംരണ്ടായി വേർതിരിച്ച് കണ്ട് കേസ്സുകൾ എടുത്തില്ലെങ്കിൽ അടുത്ത തലമുറയോട് സമാധാനം പറയേണ്ടിവരും. ഇത് ചർച്ച ചെയ്യാൻ അവസരം കിട്ടിയിരുന്നെങ്കിൽ ഞാൻ നല്ല രീതിയിൽ ഈ വിഷയത്തെക്കുറിച്ച് പറയുമായിരുന്നു. ചർച്ച ചെയ്യാൻ അവസരം തരാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭയിൽനിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

P-11-02-2013

GA-KM-1

10.20-10.30

**ശ്രദ്ധക്ഷണിക്കൽ**